## കൊച്ചിൻ ഇൻറർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ)

## ദർഘാസ് പ്രമാണം

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ കൈവശത്തിലിരിക്കുന്നതും എയർപോർട്ടിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയതും, ഉടമസ്ഥരില്ലാത്തതുമായ ഇലക്ട്രോണിക്സ് ഐറ്റംസ്, ഗൃഹോപകരണങ്ങൾ, തുണിത്തരങ്ങൾ ഉൾപ്പെടെയുള്ളവ ഇപ്പോൾ നിലവിലുള്ള അവസ്ഥയിൽ മൊത്തമായി ദർഘാസ് പ്രകാരം വിറ്റഴിക്കുന്നതാണ്. ക്വട്ടേഷൻ നടപടിയിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ദർഘാസ് പ്രമാണം സിയാലിന്റെ കൊമേഴ്സ്യൽ വിഭാഗത്തിൽ നിന്നും 01.03.2023 മുതൽ 13.03.2023 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ വാങ്ങേണ്ടതാണ്. പൂരിപ്പിച്ച ക്വട്ടേഷൻ 14.03.2023, 02.00 PMന് മുൻപായി സമർപ്പിക്കേണ്ടതാണ്.

| Sl.No | Items | Approx. Qty |
|---|---|---|
| 1 | Normal Phone | 210 |
| 2 | Smart Phone | 175 |
| 3 | Power Bank | 260 |
| 4 | Sunglass | 520 |
| 5 | Reading Glass | 300 |
| 6 | Watch | 570 |
| 7 | Jacket | 400 |
| 8 | Small Bag | 450 |
| 9 | Neck Pillow | 175 |
| 10 | Headphone | 1000 |
| 11 | Trolley Bags | 260 |
| 12 | Hanger | 20 |
| 13 | Mouse | 28 |
| 14 | Keyboard | 5 |
| 15 | Calculator | 4 |
| 16 | Pen Drive | 20 |
| 17 | Trimmer | 13 |
| 18 | Belt | 800 |
| 19 | Flask | 200 |
| 20 | Stroller for Kids | 20 |
| 21 | Carroms Board | 2 |
| 22 | Wheel chair | 4 |
| 23 | Torch | 7 |
| 24 | Gas burner | 1 |
| 25 | Gas cook top | 1 |
| 26 | Books | 500 |
| 27 | Mobile charger | 750 |

| Sl.No | Items | Approx. Qty |
|---|---|---|
| 28 | Mixi | 7 |
| 29 | Iron Box | 5 |
| 30 | Oven | 1 |
| 31 | Induction cooker | 3 |
| 32 | Drone | 1 |
| 33 | Speaker | 6 |
| 34 | Home Theatre | 4 |
| 35 | Emergency Lamp | 1 |
| 36 | Pressure Cooker | 8 |
| 37 | Electrical Rise Cooker | 3 |
| 38 | Rice Cooker | 2 |
| 39 | Tab | 40 |
| 40 | Laptop | 7 |
| 41 | Digital Camera | 5 |
| 42 | DSLR Camera | 7 |
| 43 | Ear pod | 28 |
| 44 | Jacket | 400 |
| 45 | Shuttle  Bat | 23 |
| 46 | Tennis Bat | 2 |
| 47 | Guitar | 3 |
| 48 | Cricket Bat | 2 |
| 49 | Toshiba LED Tv "24" | 1 |
| 50 | Kadai Thava | 1 |
| 51 | B/Speaker | 4 |
| 52 | Headphone Premium | 3 |

ക്വട്ടേഷൻ സമർപ്പിക്കുന്നതിന് താഴെപ്പറയുന്ന നിബന്ധനകൾ ബാധകമായിരിക്കും.

1. മേൽ സൂചിപ്പിച്ച വസ്തുക്കൾ മാത്രമെ ഈ ദർഘാസിൽ ഉൾപ്പെട്ടിട്ടുള്ളു. ക്വട്ടേഷൻ സമർപ്പിക്കുവാൻ താല്പര്യമുള്ളവർ 01.03.2023 മുതൽ 13.03.2023 വരെ ഉള്ള പ്രവർത്തി ദിവസങ്ങളിൽ (9 30 AM മുതൽ 05.00 PM വരെ ) സിയാലിൻറെ കൊമേഴ്‌സ്യൽ വിഭാഗത്തിൽ നിന്നും 500/- രൂപ അടച്ച് വാങ്ങേണ്ടതാണ്. ക്വട്ടേഷൻ തുറന്ന് ഏറ്റവും കൂടുതൽ തുക ദർഘാസ്/ ക്വട്ടേഷൻ സമർപ്പിച്ച ആളിന്റെ പേരിൽ താല്ക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമാണ് ദർഘാസ് പ്രമാണ അപേക്ഷയിൽ രേഖപ്പെടുത്തിയ അപേക്ഷകന് മാത്രമെ ദർഘാസിൽ പങ്കെടുക്കുവാനുള്ള അനുവാദം ഉണ്ടായിരിക്കുകയുള്ളു. ആ പേരിൽ മാത്രമെ ദർഘാസ് ഉറപ്പിക്കുകയുള്ളു. PAN, GST എന്നിവ ഉള്ള പേരിൽ മാത്രം

അപേക്ഷിക്കേണ്ടതാണ്. സ്ഥാപനത്തിന്റെ പേരിൽ GST/PAN ഇല്ലാത്ത വ്യക്തികൾ GST/PAN എന്നിവയിൽ ചേർത്തിട്ടുള്ള പേരിൽ (വ്യക്തിയുടെ പേരിൽ) അപേക്ഷ വാങ്ങേണ്ടതും, സമർപ്പിക്കേണ്ടതുമാണ്.

2. ക്വട്ടേഷൻ സമർപ്പിക്കുന്നതിന് നിരതദ്രവ്യം 50,000/- രൂപ കൊച്ചിൻ ഇൻറർനാഷണൽ എയർപോർട്ട് ലിമിറ്റഡ് എന്ന പേരിൽ നെടുമ്പാശ്ശേരി/ എറണാകുളത്ത് മാറാവുന്ന Demand Draft സമർപ്പിക്കേണ്ടതാകുന്നു. നിരതദ്രവ്യം ഇല്ലാത്ത ദർഘാസുകൾ റദ്ദായി പോകുന്നതാണ്.
3. നിരതദ്രവ്യം ദർഘാസ്സിൽ ചേർത്തിട്ടുള്ള ഫോറം ഒന്ന് പൂരിപ്പിച്ച് അതിൻറെ കൂടെയാണ് സമർപ്പിക്കേണ്ടത്. ഫോറം ഒന്ന് കൃത്യമായി പൂരിപ്പിക്കേണ്ടത് ആണ്. നിരതദ്രവ്യം ക്യാഷ് ആയി സ്വീകരിക്കുന്നതല്ല.
4. പൂരിപ്പിച്ച ക്വട്ടേഷൻ നിരതദ്രവ്യമടക്കം 14.03.2023 തീയതി 02.00 PMന് മുൻപായി സിയാലിന്റെ കൊമേഴ്സ്യൽ വിഭാഗത്തിൽ സമർപ്പിക്കേണ്ടതാണ്. അന്ന് തന്നെ 02.30PMന് തുറക്കുന്നതാണ്.
5. പൂരിപ്പിച്ച ദര്ഘാസ് മാനേജിങ് ഡയറക്ടർ, കൊച്ചിൻ ഇൻറർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചി എയർപോർട്ട് പി ഒ, എറണാകുളം 683 111 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.
6. മുദ്രവച്ച കവറിനു മുകളിൽ "Lost & Found മാറ്റുന്നതിനുള്ള ദർഘാസ്" എന്ന രേഖപ്പെടുത്തേണ്ടതാണ്.

   Cover 1 :_പൂരിപ്പിച്ച Form 1, നിരതദ്രവ്യം, GST Certificate, PAN Card Copy

   Cover II: Financial Bid, ദർഘാസ് പ്രമാണത്തിന്റെ ഒപ്പിട്ട എല്ലാ പേജുകളും.

   2 കവറുകളുടെയും പുറത്ത് അപേക്ഷകന്റെ പൂർണ മേൽവിലാസം രേഖപ്പെടുത്തേണ്ടതാണ്.
7. ക്വട്ടേഷൻ, മാനേജിങ് ഡയറക്ടറുടെ പേരിൽ ഇതോടൊപ്പം ചേർത്തിട്ടുള്ള നിശ്ചിതഫോറത്തിൽ ആണ് സമർപ്പിക്കേണ്ടത്.
8. ക്വട്ടേഷൻ കൊള്ളുന്ന സാമഗ്രിക്കുള്ള ഏറ്റവും കുറഞ്ഞ വില Rs. 3,00,000/- (മൂന്ന്ലക്ഷം) ആയി നിജപ്പെടുത്തിയിട്ടുണ്ട്. ദർഘാസ് നടപടികളിൽ പങ്കെടുക്കുന്നവർ ഈ തുകയോ അതിലും കൂടുതലായുള്ള വിലയോ ആണ് രേഖപ്പെടുത്തേണ്ടത്.

9. കരാറുറപ്പിച്ച തുകയ്ക്ക് പുറമേ GST, TCS, നിയമപ്രകാരമുള്ള മറ്റു നികുതികളും ക്വട്ടേഷൻ ഉറപ്പിച്ച വ്യക്തി അടയ്ക്കേണ്ടതാണ്.
10. ക്വട്ടേഷൻ സ്വീകരിച്ച് ടിയാൻ സെക്യൂരിറ്റി ഡിപ്പോസിറ്റ് അടച്ചുകഴിഞ്ഞാൽ മറ്റുള്ളവരുടെ നിരതദ്രവ്യം അഞ്ചുദിവസത്തിനുള്ളിൽ മടക്കി നൽകുന്നതാണ്.
11. മാനേജിങ് ഡയറക്ടറുടെ അംഗീകാരത്തിനു വിധേയമായി ഏറ്റവും കൂടുതൽ സംഖ്യ ക്വട്ടേഷൻ സമർപ്പിക്കുന്ന ആളുടെ പേരിൽ അവകാശം ഉറപ്പിക്കുന്നതും, ടിയാൻ ഡെപ്പോസിറ്റായി Rs. 50,000/- രൂപ **അന്നേ ദിവസം തന്നെ സിയാലിൽ അടയ്ക്കേണ്ടതും 7 ദിവസത്തിനുള്ളിൽ ദർഘാസ് ഉറപ്പിച്ച മുഴുവൻ തുക, (നികുതി ഉൾപ്പെടെ) സിയാലിൽ** അടയ്ക്കേണ്ടതുമാണ്. ഡെപ്പോസിറ്റ് **അടയ്ക്കുന്നതിന്** വീഴ്ചവരുത്തിയാൽ **ആ വ്യക്തിയുടെ പേരിൽ ഉറപ്പിച്ച** ദർഘാസ് റദ്ദായതായി കണക്കാക്കുന്നതും, നിരതദ്രവ്യം സിയാലിൽ വരവ് വയ്ക്കുന്നതും ആണ്. അതിനുശേഷം പുനർ ക്വട്ടേഷൻ വഴി Lost & Found സാമഗ്രികൾ വിറ്റഴിക്കുന്നതാണ്.
12. മാനേജിങ് ഡയറക്ടർ ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നില്ലെങ്കിൽ സ്വീകാര്യമായ ക്വട്ടേഷൻ സമർപ്പിച്ച ആൾക്ക് ടിയാനിൽ നിന്നും കൈപ്പറ്റിയ മുഴുവൻ സംഖ്യയും തിരികെ കൊടുക്കുന്നതാണ്. ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നത്/ നിരാകരിക്കുന്നതിനുള്ള അധികാരം മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തവും അദ്ദേഹത്തിന്റെ തീരുമാനം അന്തിമവുമായിരിക്കും.
13. ക്വട്ടേഷൻ സ്വീകരിച്ച **വ്യക്തി** മേൽ പറഞ്ഞ സാധനങ്ങൾ ദർഘാസ് ഉറപ്പിച്ചുള്ള കത്ത് ലഭിച്ച്, 4 **ദിവസ**ത്തിനകം **വസ്തുക്കൾ സിയാലിന്റെ** സ്ഥലത്തു നിന്ന് നീക്കം ചെയ്യേണ്ടതാ**ണ്.**
14. ടിയാളുടെ നിരതദ്രവ്യം **ടിയാൻ** മേൽപ്പറഞ്ഞ സാധനങ്ങൾ **പൂർണമായി നീക്കം പെയ്തതിനു** ശേഷം മാത്രം മടക്കി നൽകുന്നതാണ്.
15. **എന്നാൽ** നാലു **ദിവസ**ത്തിനു**ള്ളിൽ** സാധ**ന**ങ്ങൾ **നീക്കം ചെയ്യാത്ത പക്ഷം** 4 **ദിവസ**ത്തിനു ശേഷം വരുന്ന ഓരോ ദിവസത്തിനും Rs.1,000/- രൂപ എന്ന നിരക്കിൽ പിഴ ഈടാക്കുന്നതും, **അപ്രകാരം** 15 ദിവസങ്ങൾക്കുശേഷ**വും വസ്തുക്കൾ നീക്കം ചെയ്യാത്ത പക്ഷം,** മറ്റൊരറിയിപ്പും **കൂടാതെ സിയാൽ** പുനർ ദർഘാസ് നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും. ഈ സാഹചര്യത്തിൽ ദർഘാസ് കൊണ്ട വ്യക്തിയുടെ പേരിലുള്ള കരാർ റദ്ദായി

പോകുന്നതും, നിരതദ്രവ്യം ഡെപ്പോസിറ്റും എന്നിവ CIAL ലിലേക്ക് വരവ് വയ്ക്കുന്നതും ആയിരിക്കും. **ഈ തുക തിരികെ നൽകുന്നതല്ല.**

16. ദര്ഘാസ് പ്രമാണം വാങ്ങിയതിനുശേഷം താല്പര്യമുള്ളവർക്ക് സാധനങ്ങൾ കണ്ട് ബോധ്യപ്പെടുത്തുന്നതിനായി 07.03.2023 തീയതി രാവിലെ 10.00 am മുതൽ 01.00 pm വരെ സിയാലിന്റെ കൊമേഴ്സ്യൽ വിഭാഗവുമായി ബന്ധപ്പെടേണ്ടതാണ്. മറ്റു ദിവസങ്ങളിൽ ഇതിനുള്ള അവസരം ഉണ്ടായിരിക്കുന്നതല്ല.
17. ദര്ഘാസ് നടപടികളിൽ പങ്കെടുക്കുവാനായി സ്വന്തം പേരിലുള്ള **ഒറിജനൽ** പാൻകാർഡ് ഹാജരാക്കേണ്ടതാണ്. പാൻകാർഡ് കൈവശം ഇല്ലാത്ത വ്യക്തികളെ ദര്ഘാസ് നടപടികളിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.
18. സാധാരണ എല്ലാ Govt. ക്വട്ടേഷന്റെയും നിബന്ധനകളും ഈ ക്വട്ടേഷന് ബാധകമായിരിക്കും.
19. ക്വട്ടേഷൻ നടപടിക്രമം തീരുമാനിക്കുന്നതിനും, നടപ്പിലാക്കുന്നതിനുള്ള പൂർണ അധികാരവും ഉത്തരവാദിത്വവും കൊച്ചി അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ മാനേജിങ് ഡയറക്ടർ ചുമതലപ്പെടുത്തുന്ന ഓഫീസറിൽ നിക്ഷിപ്തമാണ്. ഇപ്രകാരം കൊച്ചി അന്താരാഷ്ട്ര വിമാനത്താവള കമ്പനി എടുക്കുന്ന തീരുമാനങ്ങൾ നടപടിയിൽ പങ്കെടുക്കുന്ന എല്ലാവർക്കും ബാധകമായിരിക്കും.

20 **സിയാൽ ജീവനക്കാർക്ക് ക്വട്ടേഷനിൽ പങ്കെടുക്കുവാൻ അനുവാദമുണ്ടായിരിക്കുന്നതല്ല.**

മാനേജിങ് ഡയറക്ടർക്കു വേണ്ടി
ജനറൽ മാനേജർ (Commercial)